## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 934 — 29.09.2016 -ൽ മറുപടിക്ക്

## മൽസ്യ ടൂറിസം വികസനവും സമുദ്ര ശാസ്ത്ര ഗവേഷണവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്.ശർമ്മ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മൽസ്യ ടൂറിസം വികസനവും സമുദ്ര ശാസ്ത്ര ഗവേഷണവും ലക്ഷ്യമിട്ട് പുതുവൈപ്പിൻ ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ റിസർച്ച് സ്റ്റേഷനും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് വരെയായി എന്ന് വ്യക്തമാക്കാമോ; | (എ) | പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പാരിസ്ഥിതിക പഠനം ഹൈദരാബാദിലെ വിഷൻലാബ്സ് വഴി നടത്തുകയും പാരിസ്ഥിതിക അനുമതിക്കായും തീരദേശ നിയന്ത്രണ മേഖല അനുമതിക്കായും അപേക്ഷ സമർപ്പിക്കുകയും ചെയ്തു. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പ്രസ്തുത അപേക്ഷ പരിഗണിക്കുകയും കേന്ദ്രത്തിൽ നിന്നുള്ള അനുമതിയ്ക്കായി ഉപാധികളോടെ ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. പദ്ധതി പ്രദേശം CRZ 1 മേഖലയിൽ ഉൾപ്പെടുന്നതിനാൽ കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നടത്തേണ്ടതുണ്ട്. കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നടത്തുന്നതിനായി എറണാകുളം കണയന്നൂർ താലൂക്കിലെ മരട് വില്ലേജിൽ ഏകദേശം 40 ഏക്കർ സ്ഥലം കണ്ടെത്തി. പ്രസ്തുത സ്ഥലം നൽകുന്നതിന് സർക്കാരിൽ നിന്ന് തത്വത്തിൽ അംഗീകാരം ലഭിക്കുകയുണ്ടായി. ഇതിനാവശ്യമായ റിപ്പോർട്ടുകൾ എറണാകുളം ജില്ലാ കളക്ടർ ലാന്റ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. 15 ഏക്കറോളം സ്ഥലത്ത് കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിക്കുന്നതിന് അനുവാദം നൽകാൻ റവന്യൂ വകുപ്പ് ലാന്റ് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനം പൂർത്തിയായിട്ടുണ്ടോ; | (ബി) | പദ്ധതിക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും അനുമതി ലഭിച്ചു. പരിസ്ഥിതി ആഘാത പഠനം പൂർത്തിയായിട്ടുണ്ട്. |
| (സി) | ഈ പദ്ധതിക്കായി ബഡ്ജറ്റിൽ എത്ര തുക വിലയിരിത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | 2016-17 സാമ്പത്തിക വർഷ ബഡ്ജറ്റിൽ ടി പദ്ധതിയ്ക്ക് 1000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ടി പദ്ധതിയുടെ തുടർ നടപടികൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ